# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം

വിഷയം:- ആവഡ-ഡോ.ബിനി.ബി-ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-അച്ചടക്ക നടപടികൾക്ക് വിധേയമായി സർവീസിൽ പുനഃ പ്രവേശിപ്പിച്ച്-ഉത്തരവ്-പുറപ്പെടുവിക്കുന്നു

പരാമർശം:- സ.ഉ.(സാധാ) നം.3101/2026 ആകുവ തീയതി 22-09-2026

**ഉത്തരവ് നം: DHS/22358/2026-EB3 തീയതി: 09-10-2026**

കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.ബിനി.ബി 27.09.2023 മുതൽ 26.03.2025 വരെ ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും എന്നാൽ ടി അവധി അനുവദിച്ചു നൽകുന്നതിന് മുൻപ് ടിയാൾ സർവീസിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തതിനെ തുടർന്ന് ടി മെഡിക്കൽ ഓഫീസർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

തുടർന്ന് ഡോ.ബിനി.ബി സർവീസിൽ പുനഃപ്രവേശിക്കുന്നതിനായി സമർപ്പിച്ച ബോണ്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 27.09.2023 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ.ബിനി.ബി-യെ അച്ചടക്ക നടപടികൾക്ക് വിധേയമായി സേവനത്തിൽ പുനഃ പ്രവേശിപ്പിക്കുന്നതിനു പരാമർശ പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിരിക്കുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.ബിനി.ബി-യെ സ.ഉ.(അച്ചടി) നം.55/2020 ആകുവ തീയതി 16.09.2020 ലെ വ്യവസ്ഥകൾക്കും അച്ചടക്ക നടപടിക്കും വിധേയമായി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കാസ്ഥാന ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ പുനഃ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 09-10-2026
11:26:16

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ഡോ.ബിനി.ബി,ജൂനിയർ കൺസൾട്ടന്റ്(ഗൈനക്കോളജി),ജില്ലാ ആശുപത്രി,കോഴഞ്ചേരി

പകർപ്പ്:-

1.ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം )പത്തനംതിട്ട /വയനാട്
2.അക്കൗണ്ടന്റ് ജനറൽ (എ &ഇ ), തിരുവനന്തപുരം
3.സൂപ്രണ്ട്-ജില്ലാ ആശുപത്രി,കോഴഞ്ചേരി /താലൂക്കാസ്ഥാന ആശുപത്രി,സുൽത്താൻ ബത്തേരി
4.സൂപ്രണ്ട്,വിജിലൻസ് സെക്ഷൻ.